# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1131. 13.12.2012 ൽ മറുപടിക്ക്

## തൊഴിൽ നൈപുണ്യ കോഴ്സുകൾ

**ചോദ്യം** **ഉത്തരം**

ശ്രീ.റ്റി.എൻ .പ്രതാപൻ :
ശ്രീ.ജോസഫ് വാഴക്കൻ :
ശ്രീ. എ.റ്റി. ജോർജ് :
ശ്രീ. സണ്ണി ജോസഫ് :

ശ്രീ.പി.കെ. അബ്ദുറബ്ബ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂളുകളുകളിലും കോളേജുകളിലും തൊഴിൽ നൈപുണ്യ കോഴ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം വഴി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്തെ സർക്കാർ കോളേജുകളിലും തിരഞ്ഞെടുത്ത ഹയർ സെക്കണ്ടറി സ്കൂളുകളിലും ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഏതെല്ലാം തലത്തിലാണ് നടപ്പാക്കുന്നത് എന്നിവ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകി വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു ചേർന്നിട്ടുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരാക്കി തീർക്കാൻ ഈ പദ്ധതി വഴി സാധിക്കും.<br><br>ഹയർ സെക്കണ്ടറി തലത്തിലും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പഠനത്തിനു ചേരുന്ന കുട്ടികൾക്കാണ് ഇപ്പോൾ വൈദഗ്ദ്ധ്യ വികസനത്തിനുള്ള പരിശീലനം നൽകുക. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം സ്കൂളുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ? | (സി) | ഓരോ നിയോജക മണ്ഡലത്തിൽ നിന്നും അതത് നിയമസഭാ സാമാജികർ തിരഞ്ഞെടുത്ത സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 85 നിയമസഭാ സാമാജികർ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 24 ഹയർ സെക്കണ്ടറി സ്കൂളുകളിൽ പരിശീലനം ആരംഭിച്ചു. ബാക്കിയുള്ള സ്കൂളുകളിൽ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ